**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2074** **16-03-2022 - ൽ മറുപടിയ്ക്ക്**

**മണ്ണാർക്കാട് ജയിലിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | null<br>(മുഖ്യമന്ത്രി) | |
| (എ) | മണ്ണാർക്കാട് ജയിലിനു വേണ്ടി ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭിച്ച നാല് ഏക്കർ സ്ഥലത്ത് എന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (എ) | പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ മണ്ണാർക്കാട്-1 വില്ലേജിൽ റീ-സർവ്വേ നം.131/14 ൽ ഉൾപ്പെട്ട (കാഞ്ഞിരപ്പുഴ ഇറിഗേഷൻ വക) 2.864 ഹെക്ടർ സർക്കാർ ഭൂമിയിൽ നിന്നും സബ് ഡിവിഷൻ ചെയ്ത 131/36 ൽപ്പെട്ട 1.6221 ഹെക്ടർ (162.21 ആർ) ഭൂമി മണ്ണാർക്കാട് സബ് ജയിൽ നിർമ്മാണത്തിനായി ജയിൽ വകുപ്പിന് കൈമാറിയിട്ടുണ്ട്. മണ്ണാർക്കാട് സബ് ജയിൽ നിർമ്മാണ പ്രവൃത്തിയുടെ ആദ്യ ഘട്ടമായി 6 അടി ഉയരത്തിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് 1,12,00,000 രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ 'ജയിലുകളുടെ നവീകരണം' എന്ന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | ചുറ്റുമതിൽ നിർമ്മാണത്തിനും ജയിൽ നിർമ്മാണത്തിനുമുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ? | (ബി) | പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ മണ്ണാർക്കാട്-1 വില്ലേജിൽ റീ-സർവ്വേ നം.131/14 ൽ ഉൾപ്പെട്ട (കാഞ്ഞിരപ്പുഴ ഇറിഗേഷൻ വക) 2.864 ഹെക്ടർ സർക്കാർ ഭൂമിയിൽ നിന്നും സബ് ഡിവിഷൻ ചെയ്ത 131/36 ൽപ്പെട്ട 1.6221 ഹെക്ടർ (162.21 ആർ) ഭൂമി മണ്ണാർക്കാട് സബ് ജയിൽ നിർമ്മാണത്തിനായി ജയിൽ വകുപ്പിന് കൈമാറിയിട്ടുണ്ട്. മണ്ണാർക്കാട് സബ് ജയിൽ നിർമ്മാണ പ്രവൃത്തിയുടെ ആദ്യ ഘട്ടമായി 6 അടി ഉയരത്തിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് 1,12,00,000 രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ 'ജയിലുകളുടെ നവീകരണം' എന്ന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ